പതിമൂന്നാം കേരള നിയമ സഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 8.3.2012 ൽ മറുപടിക്ക്

നമ്പർ 622

## സൗന്ദര്യവർദ്ധക ആയുർവേദ ഉൽപ്പന്നങ്ങളുടെ നിയന്ത്രണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ : | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) സൗന്ദര്യവർദ്ധക ആയുർവേദ ഉൽപ്പന്നങ്ങൾ എന്ന പേരിൽ ദൃശ്യ മാധ്യമങ്ങളിൽ പരസ്യം നൽകി കോടിക്കണക്കിന് രൂപയുടെ വ്യാപാരം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇതിനെതിരെ എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ ; | (ബി) സൗന്ദര്യവർദ്ധക ആയുർവ്വേദ ഉൽപ്പന്നങ്ങൾക്കെതിരെ ഇതുവരെ പരാതികൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല. |
| (സി) ഈ ഉൽപ്പന്നങ്ങൾ പരിശോധിച്ച് അവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ; | (സി) ഇത്തരം ഉൽപ്പന്നങ്ങൾക്ക് അംഗീകാരം നൽകുന്നതിന് മുൻപായി പ്രസ്തുത ഉൽപ്പന്നങ്ങൾ ആയുഷ് ഡിപ്പാർട്ട്മെന്റ് അംഗീകരിച്ച ലബോറട്ടറികളിൽ ഗുണനിലവാര പരിശോധന കൾ നടത്തി ഗുണനിലവാരം ഉറപ്പാക്കിയതിനു ശേഷം മാത്രമേ അംഗീകാരം നൽകാറുള്ളൂ. എന്നാൽ ആയുർവ്വേദ ഔഷധങ്ങളുടെ ഫലപ്രാപ്തി ലബോറട്ടറി പരിശോധനയിലൂടെ ഉറപ്പുവരുത്തുവാനുള്ള സംവിധാനം ഇപ്പോൾ നിലവിലില്ല. |
| (ഡി) ഇത് നിയന്ത്രിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ? | (ഡി) ഉദ്ദേശിക്കുന്നുണ്ട്. എന്നാൽ സൗന്ദര്യവർദ്ധക ഉൽപ്പന്നങ്ങളുടെ പരസ്യങ്ങൾ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് നിയമത്തിന്റെ ഷെഡ്യൂൾ J -യിലാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഷെഡ്യൂൾ J ആയുർവ്വേദത്തിന് ബാധകമല്ലാത്തതിനാൽ സർക്കാരിന് ഫലപ്രദമായി ഇതിൽ ഇടപെടുവാൻ സാധിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ